# ക്ലാറ്റ്: അപേക്ഷ മാർച്ച് 31 വരെ

## ദേശീയ നിയമ സർവകലാശാലകളിലേക്കുള്ള പൊതു പ്രവേശനപരീക്ഷ മേയ് 8ന്

**ബി.എസ്. വാരിയർ**

രാജ്യത്തെ 22 ദേശീയ നിയമ സർവകലാശാലകളിലെ 5-വർഷ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാം പ്രവേശനത്തിനുള്ള പൊതു പ്രവേശനപരീക്ഷയ്ക്ക് (ക്ലാറ്റ്: Common Law Admission Test) മാർച്ച് 31 വരെ ഓൺലൈനായി അപേക്ഷിക്കാം. കൊച്ചി നുവാൽസും ബെംഗളൂരു, തിരുച്ചിറപ്പള്ളി, ഹൈദരാബാദ് നിയമ സർവകലാശാലകളും ഇക്കൂട്ടത്തിൽ പെടും. ചേരാൻ ഇഷ്ടമുള്ള സ്ഥാപനങ്ങളുടെ മുൻഗണനാക്രമം പരീക്ഷാഫലം വന്നിട്ട് അറിയിച്ചാൽ മതി.

2 മണിക്കൂർ ഓഫ്‌ലൈൻ പ്രവേശനപരീക്ഷ മേയ് 8നു (ഞായർ) നടക്കും. കേരളത്തിലും പരീക്ഷയെഴുതാം. ടെസ്റ്റിൽ 5 വിഭാഗങ്ങൾ:

1) ഇംഗ്ലിഷ് ഭാഷ
2) ആനുകാലിക സംഭവങ്ങളടക്കം പൊതുവിജ്ഞാനം
3) ലീഗൽ റീസണിങ്
4) ലോജിക്കൽ റീസണിങ്
5) ക്വാണ്ടിറ്റേറ്റീവ് ടെക്നിക്സ് (പത്താം ക്ലാസ് നിലവാരത്തിൽ അടിസ്ഥാനഗണിതം).

ആകെ 150 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ; 150 മാർക്ക്. തെറ്റൊന്നിന് കാൽ മാർക്ക് കുറയ്ക്കും. പരിശീലിക്കാനുള്ള നിർദേശങ്ങളും ചോദ്യമാതൃകകളും വെബ്സൈറ്റിൽ വരും.

45 % മാർക്കോടെ 12-ാം ക്ലാസ് ജയിച്ചവർക്കും ഇപ്പോൾ 12ൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. പ്രവേശനസമയത്തു സർട്ടിഫിക്കറ്റ് ഹാജരാക്കണം. പട്ടിക വിഭാഗക്കാർക്കു വേണ്ടത് 40% മാർക്ക്. ഐച്ഛികവിഷയങ്ങൾ ഏതായാലും മതി. ഉയർന്ന പ്രായപരിധിയില്ല. എൻആർഐ, പിഐഒ, ഒസിഐ വിഭാഗക്കാർക്കും അപേക്ഷിക്കാം. അവർ വിശേഷ വ്യവസ്ഥകൾ മനസ്സിലാക്കിക്കൊള്ളണം.

നിയമ സർവകലാശാലകളുടെ കൺസോർഷ്യമാണ് 'ക്ലാറ്റ്' നടത്തുന്നത്. വെബ്സൈറ്റ്: www.consortiumofnlus.ac.in. അപേക്ഷാഫീ 4000 രൂപ. പട്ടിക, ബിപിഎൽ വിഭാഗക്കാർ 3500 രൂപയടച്ചാൽ മതി. ബാങ്ക്ചാർജ് പുറമേ. മുൻവർഷ ചോദ്യക്കടലാസുകൾ 500 രൂപയ്ക്കു കിട്ടും. അപേക്ഷിക്കാനുള്ള നടപടിക്രമം, 22 സർവകലാശാലകളുടെയും ബ്രോഷർ എന്നിവയുൾപ്പെടെ വിശദവിവരങ്ങൾ സൈറ്റിലുണ്ട്. ഫോൺ: 08047162020; ഇ-മെയിൽ: clat@consortiumofnlus.ac.in

## എൽഎൽഎം

50% മാർക്കോടെ എൽഎൽബി ജയിച്ചവർക്ക് ഒരു വർഷ എൽഎൽഎം പ്രവേശനത്തിന് ഇപ്പോൾ ഇതേ സൈറ്റിലൂടെ അപേക്ഷിക്കാം. (പട്ടിക വിഭാഗം 45% മാർക്ക്). തീയതിക്രമം അണ്ടർ ഗ്രാജ്വേറ്റിന്റേതു തന്നെ.

## നുവാൽസിലെ പ്രോഗ്രാമുകൾ

കൊച്ചി കളമശേരിയിലുള്ള നുവാൽസിലെ (ദ് നാഷനൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്) പ്രോഗ്രാമുകൾ:

**1) അഞ്ചു വർഷ എൽഎൽബി:** 60 സീറ്റ്. ഇതിൽ ഓൾ ഇന്ത്യ കാറ്റഗറി 31, സംസ്ഥാന മെറിറ്റ് / കാറ്റഗറി 29 (നുവാൽസ് മാനദണ്ഡപ്രകാരം പിന്നാക്ക, പട്ടിക വിഭാഗ സംവരണമുണ്ട്). കേരളത്തിലെ പിന്നാക്ക വിഭാഗക്കാർക്ക് 12ൽ 42 % മാർക്ക് മതി. വാർഷിക ട്യൂഷൻ ഫീ 1.10 ലക്ഷം രൂപ. മറ്റു ഫീസ് പുറമേ. സർവകലാശാല നേരിട്ടു തിരഞ്ഞെടുക്കുന്ന 6 എൻആർഐ-സ്പോൺസേഡ് വിദ്യാർഥികൾക്കും, 2 വിദേശികൾക്കും വേണ്ടി അധികസീറ്റുകൾ വകയിരുത്തിയിട്ടുണ്ട്. ഇവയിലേക്കു യഥാക്രമം 6500 / 9000 ഡോളർ വാർഷിക ഫീസ് നൽകണം.

**2) ഒരു വർഷ എൽഎൽഎം:** കോൺസ്റ്റിറ്റ്യൂഷനൽ & അഡ്മിനിസ്ട്രേറ്റീവ് ലോ / ഇന്റർനാഷനൽ ട്രേഡ് ലോ / പബ്ലിക് ഹെൽത്ത് ലോ.

പുരുഷ / വനിതാ ഹോസ്റ്റലുകൾ, കംപ്യൂട്ടർ ലാബ്, പ്ലേസ്മെന്റ് സംവിധാനം എന്നിവയടക്കം മികച്ച അടിസ്ഥാന സൗകര്യങ്ങളുണ്ട്. ഫോൺ: 9446899006. ഇമെയിൽ: admissions2022@nuals.ac.in, വെബ്സൈറ്റ്: www.@nuals.ac.in